ഭരണഭാഷ-മാതൃഭാഷ

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നം.ഔ.ഭാ.3/97/19/ഉ.ഭ.പ.വ

തിരുവനന്തപുരം
തീയതി. 30/08/19

സെക്രട്ടറി

ജില്ലാ കളക്ടർമാർ/ വകുപ്പുതലവന്മാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ സഹകരണ/ പൊതുമേഖല/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലവന്മാർ

സർ,

വിഷയം:- ഉദ്യോഗസ്ഥ – ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്- ഭരണഭാഷാ പുരസ്കാരങ്ങൾ 2019- സംബന്ധിച്ച്.

സൂചന :- 1. 08.02.17-ലെ സ.ഉ(കൈ)നം.5/17/ഉഭപവ.
2. 14.03.17-ലെ സ.ഉ (കൈ)നം. 8/2017/ഉഭപവ.
3. 01/08/2019 ലെ ഇതേ നമ്പർ സർക്കാർ കത്ത്

ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനും ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികളുടെ ഭാഗമായി കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന ക്ലാസ് 1,2,3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റ്/ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ സ്റ്റെനോഗ്രാഫർമാർക്കും സംസ്ഥാനതല ഭരണഭാഷാസേവനപുരസ്കാരങ്ങളും, എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെയും പരിഗണിക്കുന്ന ഗ്രന്ഥരചനാപുരസ്കാരവും (സംസ്ഥാനതലം), ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജില്ലാതല ഭരണഭാഷാസേവനപുരസ്കാരവും ഏർപ്പെടുത്തിക്കൊണ്ട് സൂചന (2) പ്രകാരവും ഏറ്റവും മികച്ച ഭാഷാമാറ്റം കൈവരിക്കുന്ന വകുപ്പിനും ജില്ലയ്ക്കും പ്രത്യേക പുരസ്കാരം ഏർപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരവും ഉത്തരവായിരുന്നു.

ഭരണഭാഷാപുരസ്കാരങ്ങൾ, 2019-ന് ഓരോ വിഭാഗത്തിലേക്കും പരിഗണിക്കുന്നതിന് അപേക്ഷകൾ നിശ്ചിതഫാറത്തിൽ 2019 ആഗസ്റ്റ് 31-നകം സമർപ്പിക്കേണ്ടതാണെന്ന് സൂചന മൂന്ന് പ്രകാരം അറിയിച്ചിരുന്നു. ഭരണഭാഷാപുരസ്കാരങ്ങൾ (സംസ്ഥാനതലം), ഭരണഭാഷാഗ്രന്ഥരചനാ പുരസ്കാരം എന്നിവയ്ക്കുള്ള അപേക്ഷകൾ സർക്കാരിനും, ജില്ലാതല ഭരണഭാഷാസേവന പുരസ്കാരത്തിനായുള്ള അപേക്ഷകൾ അതത് ജില്ലാ കളക്ടർമാർക്കും ലഭ്യമാക്കേണ്ട അവസാന തീയതി 2019 സെപ്റ്റംബർ 20 വരെ ദീർഘിപ്പിച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**നന്ദകുമാർ. എൻ**
**അഡീഷണൽ സെക്രട്ടറി**
സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ